# Desabhimani

# 31 August 2018

# Vypin, After Flood, Shrimp Farming

## തകർന്നത് ചെമ്മീൻകർഷക സ്വപ്നങ്ങൾ

**വൈപ്പിൻ**

വൈപ്പിൻകരയിലെ ചെമ്മീൻ കർഷകരുടെ സ്വപ്നങ്ങളെയും പ്രളയം തകർത്തെറിഞ്ഞു. ഒട്ടേറെ പ്രശ്നങ്ങളാൽ പ്രതിസന്ധിയിലായ ചെമ്മീൻ കർഷകർക്ക് പ്രളയം ഇരുട്ടടിയായി. കനത്തമഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വൈപ്പിൻ മേഖലയിലെ എല്ലാ പുഴകളും തോടുകളും ചെമ്മീൻ കെട്ടുകളും ഒന്നായി ചേർന്നതോടെ വളർത്തിയിരുന്ന ചെമ്മീനും മത്സ്യങ്ങളും ഒഴുകിപ്പോയി. കെട്ടുകളിൽ അവശേഷിച്ച ചെമ്മീനും മത്സ്യങ്ങളും ഉപ്പുരസം കുറഞ്ഞ ചെളിവെള്ളം കെട്ടിനിന്നും നശിച്ചു.



ചെമ്മീൻ കെട്ടിൽ ചെളിയും മറ്റുമാലിന്യങ്ങളും അടിഞ്ഞുകൂടിയനിലയിൽ

ഓരുജലത്തിലാണ് ചെമ്മീനും മത്സ്യവും ധാരാളമായി വളരുന്നത്. ചെളിയും മാലിന്യങ്ങളും ദിവസങ്ങളോളം ചെമ്മീൻ കെട്ടുകളിൽ കെട്ടിക്കിടന്നു. വെള്ളം ഇറങ്ങിയപ്പോഴാകട്ടെ കെട്ടുകളുടെ അടിത്തട്ടിൽ ചെളിയും മാലിന്യങ്ങളും കെട്ടിക്കിടക്കുകയാണ്. ഇതേത്തുടർന്ന് കെട്ടിന്റെ തൂമ്പുകളെല്ലാം തുറന്നിട്ടിരിക്കുകയാണ്.

എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലെ ഏക്കറുകണക്കിന് വരുന്ന കണ്ണുപ്പിള്ളകെട്ട്, കൊച്ചീക്കാരൻകെട്ട്, വാരസ്യാർകെട്ട്, ചെറിയ കണ്ണുപ്പിള്ള കെട്ട് എന്നിവയിൽ വളർത്തിയിരുന്ന ലക്ഷങ്ങളുടെ ചെമ്മീനും മത്സ്യവുമാണ് പ്രളയത്തിൽ ഒലിച്ചുപോയത്. വിളവെടുപ്പനിട്ടിരുന്ന ചെമ്മീനും പൂമീൻ അടക്കമുള്ള മത്സ്യങ്ങളും ഒലിച്ചുപോയി. കെട്ടുകളുടെ ചിറകളും തൂമ്പും വലയും ഷെഡ്ഡുകളുമെല്ലാം നശിച്ചു.

വർഷകാല ചെമ്മീൻ കെട്ടുകളുടെ തുടക്കത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സമയത്താണ് കഴിഞ്ഞ വർഷം ഡിസംബറിൽ ഓഖി ദുരന്തം ഉണ്ടായത്. ചെളി നിറഞ്ഞ കടൽ വെള്ളം തോടുകൾ വഴിയും നേരിട്ടും ചെമ്മീൻ കെട്ടുകളിൽ എത്തിയതോടെ നിക്ഷേപിച്ച ചെമ്മീൻ കുഞ്ഞുങ്ങൾ നശിച്ചുപോയി. പിന്നീട് വീണ്ടും ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഇതിന്റെ വിളവെടുപ്പ് നടക്കാനിരിക്കെയാണ് പ്രളയമുണ്ടായത്. ഇതൊടെ ചെമ്മീൻ കർഷകർ കടക്കെണിയിലാണ്. വായ്പ എടുത്ത് കൃഷി നടത്തിവന്നിരുന്നവർ കടുത്ത ദുരിതത്തിലാണ്. ഇത്തവണ ഭൂരിഭാഗം കെട്ടുകളും വലിയ തുകയ്ക്കാണ് പാട്ടത്തിനെടുത്തിരിക്കുന്നത്. ഈ സീസൺ അവസാനിക്കാൻ ഇനി മാസങ്ങൾ മാത്രമെ ബാക്കിയുള്ളൂ. സർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിക്കുമെന്നുള്ള പ്രതീക്ഷയാണ് മേഖലയിലെ ചെമ്മീൻ കർഷകർ.